## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4946

22.05.2017-ൽ മറുപടിക്ക്

**ഭൂമി കൈമാറ്റങ്ങൾക്ക് ഇ - രജിസ്ട്രേഷൻ**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.വി. കെ. സി. മമ്മത് കോയ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ഭൂമി കൈമാറ്റങ്ങൾക്ക് ഇ - രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലെന്ന് വ്യക്തമാക്കുമോ; | എ) ഇ-രജിസ്ട്രേഷൻ സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടില്ല. എന്നാൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് മുന്നോടിയായി വിവരങ്ങൾ ഓൺലൈനായി ഓഫീസിൽ സമർപ്പിക്കുന്നതിനും, രജിസ്റ്റർ ചെയ്യാനുള്ള സമയം മുൻകൂട്ടി നിശ്ചയിച്ച് ടോക്കൺ എടുത്ത് ഓഫീസിൽ നിശ്ചിത സമയത്ത് ഹാജരായി രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സംവിധാനം നിലവിലുണ്ട്. രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| ബി) ഇ-രജിസ്ട്രേഷൻ നടപടികൾ നടത്തുന്നതിന് ആവശ്യമായ പരിശീലനം ജീവനക്കാർക്ക് നൽകിയിട്ടുണ്ടോ; ഇതിനാവശ്യമായ കമ്പ്യൂട്ടർ അടക്കമുള്ള ഉപകരണങ്ങൾ എല്ലാ ഓഫീസുകളിലും ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | ബി) കാലാകാലങ്ങളിൽ വകുപ്പ് വരുത്തുന്ന പരിഷ്കാരങ്ങൾ സംബന്ധിച്ച് ജീവനക്കാർക്ക് ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ട്, ഓൺലൈൻ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഓഫീസുകളിൽ നിലവിൽ ആവശ്യമായ കമ്പ്യൂട്ടർ മറ്റ് അനുബന്ധ ഉപകരണങ്ങൾ മുതലായവ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ